# ഭാഗം 18 ഉപന്യാസങ്ങൾ

**ഉള്ളടക്കം**


18.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
18.1 വിഷയാവതരണം
പാഠം-1 ബുദ്ധദർശനം
18.2 ലേഖകപരിചയം
18.3 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-1
18.4 വിഷയാവതരണവും പാഠഭാഗവും
പാഠം-2 ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസം
18.5 ലേഖകപരിചയം
18.6 ഉപന്യാസസാരം
പുരോഗതി സ്വയം പരിശോധിക്കുക-2
18.7 വിഷയാവതരണവും പാഠഭാഗവും
പാഠം-3 ധർമ്മയുദ്ധത്തിന്റെ പര്യവസാനം
18.8 ലേഖകപരിചയം
18.9 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-3
18.10 വിഷയാവതരണവും പാഠഭാഗവും
പാഠം-4 ശാസ്ത്രവികാസത്തിന്റെ ചരിത്രം
18.11 ലേഖകപരിചയം
18.12 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-4
18.13 വിഷയാവതരണവും പാഠഭാഗവും
പാഠം-5 നാടകത്തിൽ ഇതരകലകൾ
18.14 ലേഖകപരിചയം
18.15 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-5
18.16 വിഷയാവതരണവും പാഠഭാഗവും
പാഠം-6 ടാഗോറും ഗാന്ധിജിയും
18.17 ലേഖകപരിചയം
18.18 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-6
18.19 വിഷയാവതരണവും പാഠഭാഗവും
പാഠം-7 ഗംഗയുടെ ആരോഗ്യം
18.20 ലേഖകപരിചയം
18.21 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-7
18.22 വിഷയാവതരണവും പാഠഭാഗവും
പാഠം-8 ഉപനിഷത്തിന്റെ മുമ്പിൽ
18-23 ലേഖകപരിചയം
18.24 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-8
18-25 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

## 18.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

പദപരിചയവും ആശയാവിഷ്കരണപാടവവും വികസിപ്പിക്കുകയാണ് ഈ വിഭാഗത്തിന്റെ മുഖ്യമായ ഉദ്ദേശ്യം. മലയാളത്തിലെ ഏറ്റവും പ്രശസ്തരായ ചില ഗദ്യകാരന്മാരുടെ ഉപന്യാസങ്ങളിൽനിന്ന് മാതൃകകൾ നല്കിയിരിക്കുന്നു. പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്ന വസ്തുത ഏറ്റവും മിതമായ വാക്കുകളിൽ ഏറ്റവും അധികം അർത്ഥം ഉൾക്കൊള്ളിച്ചുകൊണ്ട് അവതരിപ്പിക്കാൻ കഴിയുന്നതാണ് വാഗ്മിത. മാതൃകകളുടെ രചയിതാക്കൾ വാഗ്മികളാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ അവരുടെ ഇതര രചനകൾ വായിച്ചും പഠിച്ചും വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ വിദ്യാർത്ഥികൾ ശ്രമിക്കണം. അർത്ഥ സന്ദേഹം ഉണ്ടാകാത്തവിധം ഏറ്റവും ഉചിതമായ പദങ്ങൾ കണ്ടെത്തുക, വാക്യത്തിൽ അവ ഏറ്റവും ഉചിതമായ സ്ഥാനത്ത് വിന്യസിക്കുക, സങ്കീർണ്ണതയും വക്രതയും അവ്യക്തതയും വരാതെ പദങ്ങളും വാക്യങ്ങളും നിബന്ധിക്കുക— മുതലായ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. പരിശീലനംകൊണ്ടു മാത്രമേ ഈ കഴിവുകൾ ഉണ്ടാകാനും വളർത്താനും സാധിക്കൂ. ഓരോ ഉപന്യാസഭാഗവും നല്ലപോലെ അപഗ്രഥിച്ചു പഠിച്ച് ശൈലിവിശേഷണങ്ങളും പദ-വാക്യ-പ്രയോഗരീതികളും ഗ്രഹിക്കുക.

## 18.1 വിഷയാവതരണം

മലയാളത്തിലെ അതിപ്രശസ്തചിന്തകനും നിരൂപകനുമായ കുററിപ്പുഴ കൃഷ്ണപിള്ളയുടെ ബുദ്ധദർശനം എന്ന ഉപന്യാസത്തിലൂടെ മലയാള ഗദ്യത്തിന്റെ കരുത്ത് മനസ്സിലാക്കാം.

### പാഠം-1 ബുദ്ധദർശനം

ഭാരതീയ ദർശനങ്ങളെ ആസ്തികമെന്നും നാസ്തികമെന്നും രണ്ടായി തിരിക്കാം. വേദപ്രാമാണ്യം സ്വീകരിച്ചവ ആസ്തികങ്ങൾ, നിഷേധിച്ചവ നാസ്തികങ്ങളും. സാംഖ്യയോഗാദി ഷഡ്ദർശനങ്ങൾ ആദ്യത്തെ വകുപ്പിലും ബൗദ്ധജൈന ചാർവാകദർശനങ്ങൾ രണ്ടാമത്തെ വകുപ്പിലും പെടുന്നു. ബുദ്ധൻ യാഗാദിവൈദിക കർമ്മങ്ങളെ നിഷേധിച്ചെങ്കിലും അദ്ദേഹത്തിന്റെ തത്വചിന്ത ഉപനിഷത്തിലെ ചിന്താഗതിയോടു സാമ്യം വഹിക്കുന്നുണ്ട്. അതിൽ കാണുന്നതുപോലെ ബുദ്ധമതത്തിലെ പ്രപഞ്ചവും അവിദ്യാജന്യവും മിഥ്യയുമാണ്. എന്നാൽ ബ്രഹ്മസത്ത സ്വീകൃതമായിട്ടില്ല. ബുദ്ധമതപ്രകാരം ഒന്നിന് പരമമായ സത്തയില്ല. ബൗദ്ധ ഭാഷയിൽ പറഞ്ഞാൽ പ്രപഞ്ചവും ജീവിതവുമെല്ലാം ഒരു ക്ഷണികവിജ്ഞാനധാരയത്രെ. ഇവിടെ വിജ്ഞാനമെന്നു പറയുന്നത് അന്തഃകരണബോധത്തെയാണ്. നിമിഷംതോറും മാറിക്കൊണ്ടിരിക്കുന്ന ക്ഷണിക ബോധങ്ങളുടെ ശൃംഖല ആലാതവലയംപോലെ നാമരൂപാത്മകമായ പ്രപഞ്ചമായി പ്രതിഭാസിക്കുന്നു. തീക്കൊള്ളി ചുററിക്കറക്കുമ്പോൾ കാണുന്ന വലയം വാസ്തവത്തിൽ ഉള്ളതല്ലല്ലോ? അതൊരു തോന്നൽ മാത്രം. അതുപോലെതന്നെ പ്രപഞ്ചവും ജീവിതവും. ഒന്നിനും ഒരവസ്ഥയില്ല; സത്തയില്ല; എല്ലാം പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്നു. ബുദ്ധമതം മാററത്തിന്റെ ഫിലോസഫിയാണെന്നാണ് രാധാകൃഷ്ണൻ പറയുന്നത്. അത് ഇന്നത്തെ സയൻസിനോടും മാർക്സിന്റെ സിദ്ധാന്തത്തോടും വളരെ അടുത്തു വരുന്നുണ്ട്. ഒരു വസ്തു ഉണ്ടെന്നോ ഇല്ലെന്നോ തീർത്തു പറയുവാൻ വയ്യാത്ത വിധം അത് സ്ഥിതിഗത്യാത്മകമായിരിക്കുന്നു. കാരണകാര്യശൃംഖലയായി കാണപ്പെടുന്ന അവസ്ഥാഭേദങ്ങളുടെ ഒരു തുടർച്ച മാത്രമാണത്. ഇപ്രകാരമുള്ള ക്ഷണികങ്ങളായ സ്ഥിതിഗതികളുടെ അഭിവ്യക്തിയാണ് ജീവിതവും. അത് ഭൗതികവും മാനസികവുമായ കേവല തത്ത്വങ്ങളുടെ സമാഹാരങ്ങളായ പഞ്ചസ്കന്ധങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

(ചിന്താതരംഗം)

## 18.2 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | — | പ്രൊഫസർ കുററിപ്പുഴ കൃഷ്ണപ്പിള്ള |
| ജനനം | — | ആഗസ്ത് 1900, കുററിപ്പുഴ, പറവൂർ താലൂക്ക് |
| മരണം | — | 11-2-1971 |
| പ്രവൃത്തി | — | ആലുവാ യു.സി. കോളേജിൽ മലയാളം പ്രൊഫസർ |
| ബിരുദം | — | എം.എ. |
| കൃതികൾ | — | സാഹിതീയം, നവദർശനം, വിചാരവിപ്ളവം, ചിന്താതരംഗം മുതലായവ |

## 18.3 ആശയസംഗ്രഹം

മൂർത്തിമാനായ ഈശ്വരനെ ആരാധിക്കുക എന്നത് ബുദ്ധമതതത്ത്വങ്ങളിലുൾപ്പെടുന്നില്ല. ജീവിതത്തിൻെറ മൗലിക സ്വഭാവം പരിണാമമാണ് എന്ന് ബുദ്ധമതം അംഗീകരിക്കുന്നു. ഇത് ശാസ്ത്രവും ഭൗതികവാദവും കൈകൊള്ളുന്ന സമീപനമാണ്. അതിനാൽ ബുദ്ധമതത്തിന് ശാസ്ത്രത്തോടും ഭൗതികവാദത്തിലധിഷ്ഠിതമായ ദർശനങ്ങളോടും അടുപ്പമുണ്ട്. സമൂഹത്തിലെ ഉച്ച നീചഭേദങ്ങളും യജ്ഞം മുതലായ അനുഷ്ഠാനങ്ങളും നിർമ്മാർജ്ജനം ചെയ്യണമെന്ന സമീപനം ബുദ്ധൻ കൈക്കൊണ്ടു. അതിനാൽ അത് ബ്രാഹ്മണമതത്തിനെതിരാണ്. സമത്വദർശനത്തിൽ മാർക്സിസ്ററ് സമീപനത്തോടും ഭൗതികതയുടെ അംഗീകാരത്തിൽ ആധുനികശാസ്ത്രത്തോടും അത് അടുത്തിരിക്കുന്നു.

### പുരോഗതി സ്വയം പരിശോധിക്കുക—1

1) ഒററവാക്കെഴുതുക.
   1. ഭാരതത്തെ സംബന്ധിച്ച
   2. ബുദ്ധനെ സംബന്ധിച്ച
   3. ബുദ്ധിയെ സംബന്ധിച്ച
   4. അവിദ്യയിൽനിന്നുണ്ടാകുന്ന
   5. പ്രതിക്ഷണം മാറുന്ന

2) 1. ഭാരതീയ ദർശനങ്ങളെ എങ്ങനെ തിരിക്കാം?
   2. ബൗദ്ധദർശനമേതു വകുപ്പിൽപ്പെടുന്നു?
   3. ബുദ്ധദർശനത്തിലെ പ്രപഞ്ചം എങ്ങനെയുള്ളതാണ്?
   4. വിജ്ഞാനമെന്നാൽ എന്ത്?
   5. ബുദ്ധമതത്തെക്കുറിച്ച് ഡോ. രാധാകൃഷ്ണൻെറ അഭിപ്രായമെന്താണ്?
   6. എന്താണ് ജീവിതം?

## 18.4 വിഷയാവതരണം

സൗന്ദര്യശാസ്ത്രജ്ഞനാണ് ശ്രീ. എം.പി. പോൾ. കലയേയും, സാഹിത്യത്തേയും, സൗന്ദര്യശാസ്ത്രത്തിൻെറ മാനദണ്ഡമനുസരിച്ച് വ്യാഖ്യാനിച്ച മലയാളത്തിലെ ശ്രദ്ധേയനായ നിരൂപകനാണദ്ദേഹം. സ്വച്ഛവും വിശ്ലേഷണാത്മകവുമായ ഒരു ഭാഷാശൈലിയുടെ ഉടമയാണദ്ദേഹം. ആ ശൈലി പരിചയപ്പെടുത്തുവാൻ ഒരു ഉപന്യാസഭാഗം താഴെ കൊടുത്തിരിക്കുന്നു.

## പാഠം-2 ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസം

ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസത്തെപ്പററി പ്രസിദ്ധ ജർമ്മൻ നിരൂപകനായ ലെസ്സിങ്ങ് (Lessing) പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ ഉദ്ധരിക്കാം. ''ചിത്രത്തിൻെറ ഭാഷ സ്ഥലത്തിൽ നിലകൊള്ളുന്ന രേഖകളും വർണ്ണങ്ങളുമാണ്. കാവ്യത്തിൻെറ ഭാഷയാകട്ടെ കാലത്തിൽ നിലകൊള്ളുന്ന അർത്ഥവത്തായ ശബ്ദസമൂഹമാണ്. വസ്തുവും ഛായയും തമ്മിൽ പരസ്പര ബന്ധമുണ്ടെന്നും അവ ഒരേ സാമാന്യ നിയമത്തിനു വിധേയമാണെന്നുമുള്ളത് തർക്കമററ സംഗതിയായതുകൊണ്ട് ഏകകാലത്തു നിലകൊള്ളുന്ന ഛായകൾ ഏകകാലത്തു നിലകൊള്ളുന്ന വസ്തുക്കളെ, അഥവാ ഏകകാലത്തിലുള്ള അംശങ്ങൾ ചേർന്ന വസ്തുക്കളെ, മാത്രമേ പ്രതിബിംബിപ്പിക്കുകയുള്ളൂ. കാലക്രമത്തിനുള്ള ഛായകൾ കാലക്രമത്തിൽ സംഭവിക്കുന്ന വസ്തുതകളെ മാത്രമേ പ്രതിപാദിക്കുകയുള്ളൂ. സ്ഥല നിബദ്ധങ്ങളായി നിലകൊള്ളുന്ന വസ്തുക്കൾ ജഡങ്ങളാണ്. തന്മൂലം ദൃശ്യമായ ഗുണങ്ങളോടുകൂടിയ ജഡങ്ങളാണ് ചിത്രകലയുടെ പ്രതിപാദ്യവിഷയം. നേരെ മറിച്ച് കാലക്രമത്തിലുള്ള വസ്തുതകൾ സംഭവങ്ങൾ എന്നു വിളിക്കപ്പെടുന്നു. തന്നിമിത്തം സംഭവങ്ങളാണ് കാവ്യത്തിനു പ്രത്യേക പ്രതിപാദ്യമായ വിഷയം''

ചലനമാണ് കവിതയുടെ ജീവൻ. അതു ചിലപ്പോൾ മന്ദവും ചിലപ്പോൾ ശീഘ്രവുമായിരിക്കാം. എന്നാൽ അതൊരു തടാകമായിപ്പരിണമിച്ചാൽ കവിത അതിൻെറ വിശിഷ്ട സ്വഭാവം കൈവെടിയുകയും ചിത്രകലയുടെ മണ്ഡലത്തിൽ പ്രവേശിക്കയുമാണ് ചെയ്യുന്നത്. വാസവദത്തയുടെ വർണ്ണനയെക്കുറിച്ച് കേട്ടിട്ടുണ്ട്. അതേ! ചിത്രത്തിലെഴുതിയതുപോലെ ഇരിക്കുന്നു. പക്ഷെ, ചിത്രത്തിൽ എഴുതിയിരുന്നെങ്കിൽ വാസവദത്തയുടെ രൂപം കുറേക്കൂടി സ്പഷ്ടവും യാഥാർത്ഥ്യ പ്രതീതി ജനിപ്പിക്കുന്നതുമാകുമായിരുന്നു.

അദൃശ്യമായ മാനസികലോകത്തിലാണ് കവിത മിക്കപ്പോഴും സ്വച്ഛന്ദം വിഹരിക്കുന്നത്. ദൃശ്യലോകത്തിൻെറ പരിമിതിക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്ന ചിത്രകാരന് കവിയുടെ ഭാവനാലോകത്തിൽ പ്രവേശിക്കുക സാധ്യമല്ല. അനേകം പേർക്ക് ഇളക്കുവാൻ പോലും സാധിയ്ക്കാത്ത ഒരു വലിയ കല്ല് ഒരു ദേവി (മിനർവ) പൊക്കിയെടുത്ത് എറിയുന്നതും ആ ഏറുകൊണ്ട് യുദ്ധ ദേവനായ മാഴ്സ് നിലംപതിച്ച് ഏഴേക്കർ സ്ഥലം മുഴുവൻ വ്യാപിച്ചുകിടക്കുന്നതും ഹോമർ വർണ്ണിക്കുന്നുണ്ട്. ആ ദേവിയെ എങ്ങനെയാണ് ചിത്രത്തിലെഴുതുക? കല്ലിൻെറ വലിപ്പമനുസരിച്ച് ദേവിയുടെ വലിപ്പം കൂടിയാൽ ദേവിയുടെ ആകൃതി ബീഭത്സമാകുമെന്നു മാത്രമല്ല, ആ സംഭവം അത്ഭുതാവഹമല്ലാതായിത്തീരുകയും ചെയ്യും. നേരെ മറിച്ച് ദേവിയെ ഒരു സാധാരണ സ്ത്രീയേപ്പോലെ ചിത്രീകരിച്ചാൽ ദേവീരൂപവും കല്ലിൻെറ വലിപ്പവും തമ്മിൽ പൊരുത്തമില്ലാതായിത്തീരും.

എന്നാൽ കവിതയുടെ സങ്കല്പലോകത്തിൽ ഈ വക പൊരുത്തക്കേടൊന്നുമില്ല. സ്ഥൂലവും സൂക്ഷ്മവും ദൃശ്യവും അദൃശ്യവും മാനുഷികവും അതിമാനുഷികവും കാവ്യലോകത്തിൽ പരസ്പര സ്പർദ്ധകൂടാതെ ഒന്നു ചേർന്നു വിഹരിക്കുന്നു.

## 18.5 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | — | എം.പി.പോൾ |
| ജനനം | — | 1-5-1904. വരാപ്പുഴ, കൊച്ചി |
| മരണം | — | 12.7.1952 |
| പ്രവൃത്തി | — | ഇംഗ്ലീഷ് പ്രൊഫസർ<br>(തൃശ്ശൂർ സെൻറ് തോമസ് കോളേജ്<br>ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ്<br>തിരുവനന്തപുരം മാർഇവാനീയോസ്<br>കോളേജുകളിൽ) |
| കൃതികൾ | — | നോവൽ സാഹിത്യം<br>ചെറുകഥാ പ്രസ്ഥാനം<br>സാഹിത്യ വിചാരം<br>ഗദ്യഗതി<br>സൗന്ദര്യ നിരീക്ഷണം<br>കാവ്യദർശനം<br>ലുബ്ധൻ (നാടക തർജ്ജമ) |
| പദവികൾ | — | പുരോഗമന സാഹിത്യസംഘടനയുടെ<br>അദ്ധ്യക്ഷൻ |

## 18.6 ഉപന്യാസസാരം

ചിത്രകല ജഡത്തെ അഥവാ നിശ്ചലത്തെ ചിത്രണം ചെയ്യുന്നു. സാഹിത്യകല ചലനസ്വഭാവമായ അസ്തിത്വത്തെ ആവിഷ്ക്കരിക്കുന്നു. ചിത്രത്തിൽ ഒരവസ്ഥാവിശേഷം അഥവാ ഒരു രംഗം മാത്രം കാണുന്നു. നിരവധി അവസ്ഥാവിശേഷങ്ങളുടേയും രംഗങ്ങളുടേയും തുടർച്ചയിലൂടെ ചലനാത്മകമായ ജീവിതം സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നു. സാഹിത്യം മനസ്സിന്റെ ലോകത്തെ അവതരിപ്പിക്കുമ്പോൾ, പഞ്ചേന്ദ്രിയങ്ങളിലൊന്നു മാത്രമായ കണ്ണിന്റെ ലോകമാണ് ചിത്രകലയുടെ വ്യാപാരരംഗം-മനോലോകത്തിൽ ജ്ഞാനേന്ദ്രിയങ്ങളുടെയും കർമ്മേന്ദ്രിയങ്ങളുടേയും അനുഭൂതികൾ സമ്മേളിക്കുന്നു. കാത്, മൂക്ക്, രസന മുതലായവയുടേയും വാക്ക്, കൈയ്, കാല് മുതലായവയുടേയും അനുഭവങ്ങൾ മനോലോകത്തിൽ ഒത്തുചേരുന്നു. അതുകൊണ്ട് സാഹിത്യത്തിന്റെ വ്യാപാര രംഗത്തിന് ചിത്രകലയുടെ വ്യാപാരരംഗത്തേക്കാൾ വ്യാപ്തി കൂടും.

### പുരോഗതി സ്വയം പരിശോധിക്കുക—2

1. ചിത്രത്തിന്റെ ഭാഷയും കാവ്യത്തിന്റെ ഭാഷയും തമ്മിലുള്ള വ്യത്യാസമെന്ത്?
2. എന്താണ് കവിതയുടെ ജീവൻ?
3. ആ ദേവിയെ എങ്ങനെയാണ് ചിത്രത്തിലെഴുതുക? ഏത് ദേവിയെ?

## 18.7 വിഷയാവതരണം

മലയാള നിരൂപണത്തിന് ഗാംഭീര്യം നല്കിയ അനുപമനായ ഒരു സാഹിത്യകാരനാണ് കുട്ടികൃഷ്ണമാരാർ. സംസ്കൃത സാഹിത്യത്തിലുള്ള അദ്ദേഹത്തിന്റെ അഗാധമായ ജ്ഞാനം മലയാളത്തിന് ഒരു നേട്ടമായി. 'ഭാരത'ത്തെ മററാർക്കും കഴിയാത്ത വിധത്തിൽ അദ്ദേഹം വ്യാഖ്യാനിച്ചിട്ടുണ്ട്. ഭാരതകഥാപാത്രങ്ങളെ സമഗ്രമായി പഠിക്കുന്ന അദ്ദേഹം ജീവിതാവബോധത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. ചെത്തിച്ചിന്തേരിട്ട ഒരു ഭാഷാശൈലി അദ്ദേഹത്തിനുണ്ട്. മഹാഭാരതസന്ദർഭത്തെ വിലയിരുത്തുന്നത് നോക്കുക.

### പാഠം-3 ധർമ്മയുദ്ധത്തിന്റെ പര്യവസാനം കുട്ടിക്കൃഷ്ണമാരാർ

ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽവച്ചു നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു; ''യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുകക്ഷിയും പണ്ടെപ്പോലെ പരസ്പര പ്രീതിയോടെ വർത്തിക്കണം. യുദ്ധം തുടങ്ങിയാൽ ഗജാശ്വരഥങ്ങളിലിരുക്കുന്നവർ ആ നിലയിലുള്ളവരോടെ എതിർക്കാവൂ. കാലാൾ കാലാളോടും. അണിവിട്ടുപോയവനെ കൊല്ലരുത്. വയോവരോത്സാഹങ്ങളിൽ കിടനില്ക്കുന്നവരോടു പറഞ്ഞറിയിച്ചിട്ടേ നേർക്കാവൂ. ഓർക്കാതേയും ക്ഷീണിച്ചുമിരിക്കുന്നവരോടരുത്. മററൊരാളോടു നേരിടുന്നവനെ, പ്രമാദം പററിയവനെ, ആയുധം തീർന്നവനെ, കവചം പോയവനെ.

മുമ്പു പലപ്പോഴും കൗരവസഭയിൽ ഭീക്ഷകർണ്ണഗാന്ധാര സിന്ധുരാജാദി ബന്ധുക്കളുടെ മദ്ധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഞെളിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മററു ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ? എന്നാൽ ഇന്ന് ഈ മൃത്യുരംഗത്തിൽ നിലത്തു വീണു പ്രാണവേദനകൊണ്ടു ഞെരുങ്ങുമ്പോഴും അയാളിൽ അതേ ഭാവങ്ങൾ അതേ അളവിൽ നിലനില്ക്കുന്നതു കാണുമ്പോൾ അതിലൊരു സ്ഥിരസത്വതയുണ്ടെന്ന് മനസ്സിലാക്കുവാൻ നാം നിർബദ്ധരാകുന്നു. ഏതായാലും ഈ സ്ഥിതിയിൽ അയാളുടെ തലയിൽ ചവിട്ടുവാൻ ആർക്കും കാലുപൊങ്ങുകയില്ല.

കുട്ടികൃഷ്ണമാരാര്
(ഭാരതപര്യടനം)

## 18.8 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | കുട്ടികൃഷ്ണമാരാർ |
| ജനനം | : | 14-6-1900 തൃപ്രങ്ങോട്-പൊന്നാനി |

| | | |
|---|---|---|
| മരണം | : | 6-4-1973 |
| പ്രവൃത്തി | : | 'മാതൃഭൂമി' പത്രത്തിലെ പ്രൂഫ്റീഡർ |
| കൃതികൾ | : | ഭാഷാപരിചയം, സാഹിത്യഭൂഷണം, സാഹിത്യവിദ്യ, ദന്തഗോപുരം, രാജാങ്കണം, കല ജീവിതംതന്നെ, ഭാരതപര്യടനം, ഋഷിപ്രസാദം, സാഹിത്യശേഷം, വൃത്തശില്പം, മലയാളശൈലി, മേഘസന്ദേശം, കുമാരസംഭവം, രഘുവംശം, ശാകുന്തളം എന്നീ കാളിദാസകൃതികളുടെ സവ്യാഖ്യാനമായ വിവർത്തനങ്ങൾ. |
| ബഹുമതി | : | കല ജീവിതംതന്നെ എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും എം.പി. പോൾ പ്രൈസും ലഭിച്ചു. |

## 18.9 ആശയസംഗ്രഹം

കുരുക്ഷേത്രത്തെ ധർമ്മക്ഷേത്രം എന്നാണ് വിശേഷിപ്പിക്കുന്നത്. ഏതു യുദ്ധവും സംഹാരസ്വരൂപമാണെങ്കിലും, ധർമ്മവും നീതിയും മുറയും വിട്ടു പ്രവർത്തിച്ച് എതിരാളിയെ വക വരുത്തിക്കൂടാ എന്നതിലുള്ള നിഷ്ഠയാണ് 'ധർമ്മക്ഷേത്രം' എന്ന സങ്കല്പത്തിൻെറ പിറകിലുള്ളത്. എന്നാൽ യുദ്ധാരംഭഘട്ടത്തിൽ ഉണ്ടായിരുന്ന ധർമ്മനിഷ്ഠ പിന്നീട് പാളിപ്പോയി. ഭീമൻ ദുര്യോധനനെ തോല്പിച്ചത് ധർമ്മയുദ്ധത്തിലല്ല. ഗദായുദ്ധത്തിലെ മുറകൾ തെററിച്ചു പൊരുതിക്കൊണ്ടാണ് ദുര്യോധനനെ വീഴ്ത്തിയത്. ആ ധർമ്മയുദ്ധം കൊണ്ടുണ്ടാകുന്ന തൽകാലവിജയത്തിന് നിലനില്പുള്ള മൂല്യമില്ല. ദുര്യോധനനെ വീഴ്ത്തിയപ്പോൾ തങ്ങൾ അന്തിമവിജയം നേടി എന്ന് ആശ്വസിച്ച പാണ്ഡവന്മാരുടെ ആശ്വാസം വെറും നൈമിഷികമായിരുന്നു. ദുര്യോധനൻെറ സുഹൃത്തായ അശ്വത്ഥാമാവ് വഞ്ചനയ്ക്കു വഞ്ചന പ്രയോഗിച്ചു പകരംവീട്ടി. അയാൾ അർദ്ധരാത്രിയ്ക്ക് ഉറങ്ങിക്കിടക്കുന്നവരെ വെട്ടിക്കൊന്നു. കുഞ്ഞുങ്ങളെപ്പോലും ഒഴിവാക്കിയില്ല.

### പുരോഗതി സ്വയം പരിശോധിക്കുക—3

**ഇ)** 1. ഭാരതയുദ്ധം തുടങ്ങുന്നതിനുമുമ്പ് ചെയ്ത കരാറിൻെറ പൊരുൾ എന്തായിരുന്നു?

2. കരാർ ആദ്യം ലംഘിച്ചതാരാണ്?

3. ഭീമൻ ദുര്യോധനനെ വീഴ്ത്തിയതെങ്ങനെ?

## 18.10 വിഷയാവതരണം

ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഗദ്യകാരനാണ് ഡോ.കെ. ഭാസ്കരൻ നായർ. വിഷയജ്ഞാനത്തോടൊപ്പം ദേശാനുരാഗവും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിൻെറ ശാസ്ത്രലേഖന ശൈലി പരിചയപ്പെടുത്താൻ ഒരു ഗദ്യഭാഗം താഴെ ചേർക്കുന്നു.

### പാഠം-4 ശാസ്ത്രവികാസത്തിൻെറ ചരിത്രം ഡോ. കെ. ഭാസ്കരൻനായർ

ശാസത്രം പാശ്ചാത്യരാജ്യക്കാരുടെ പൈതൃകമാണെന്നു ധരിക്കരുത്. അയ്യായിരം വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന മോഹൻജോ ദാരോ പരിഷ്കാരത്തിൻെറ അവശിഷ്ടങ്ങളിൽ ശാസ്ത്രീയ ചിന്തയുടെ ലക്ഷ്യങ്ങൾ നമുക്കു കാണുവാൻ സാധിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിൻെറ ഉദ്ഘാടകന്മാരായ യവനന്മാരുടെ കാലത്തിന്നുമുമ്പുതന്നെ ചീനരും ഭാരതീയരും പ്രാപഞ്ചിക പ്രതിഭാസങ്ങളെ ശ്രദ്ധിച്ചു പഠിക്കുന്നതിലും അവയെ യുക്തിപൂർവ്വം അപഗ്രഥിച്ചു മനസ്സിലാക്കുന്നതിലും താത്പര്യം പ്രദർശിപ്പിച്ചിരുന്നു എന്നതിന് നിസ്തർക്കമായ തെളിവുണ്ട്. ക്രിസ്തുവിനു തൊട്ടുമുമ്പുള്ള നാലഞ്ചു നൂററാണ്ടുകളിലാണ് യവനസംസ്കാരം അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചത്. യൂറോപ്പിൻെറ മനവും ചേതനയും ചരിത്രാതീതമായ ഇരുളിൽ നിന്ന് ഇങ്ങനെ ആദ്യമായി ഉണർന്നു പ്രകാശിച്ചത് മററാരുടേയും സഹായം കൂടാതെയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിനു മുമ്പുണ്ടായിരുന്ന പൗരസ്ത്യസംസ്കാരങ്ങളോടു തീർച്ചയായും യവനൻമാർ കടപ്പെട്ടിട്ടുണ്ട്. അഥവാ പ്രപഞ്ചത്തിൻെറ പ്രതിഭാസങ്ങളെ സൂക്ഷ്മമായി വിവരിക്കുന്നതിനും അവയെക്കുറിച്ച് യുക്തിയുക്തമായ നിരീക്ഷണങ്ങൾ

നടത്തുന്നതിനും മന:പൂർവം യത്നിച്ച ആദ്യത്തെ ജനത യവനൻമാരാണെന്ന് സമ്മതിച്ചാൽ തന്നെയും പാശ്ചാത്യർക്കു സയൻസിൻെറ മേൽ സർവാവകാശം ലഭിക്കുന്നില്ല. ഗ്രീസിൻെറ ചേതോഹരമായ സംസ്കാരദീപം റോമൻ സാമ്രാജ്യപ്രഭുത്വത്തിൻെറ കൊടുങ്കാററിൽ പൊലിയുവാൻ തുടങ്ങിയപ്പോഠം അതിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തു പുലർത്തിയതും പോഷിപ്പിച്ചതും ഒരു പൗരസ്ത്യ ജനതയായ അറബികളായിരുന്നു. അവരുടെ സഹായമില്ലാതെ അരിസ്റേറാട്ടിലിനെയും പിത്താഗോറസ്സിനേയും പററി പാശ്ചാത്യർ അറിയുകപോലും ചെയ്യുകയില്ലായിരുന്നു. ക്രിസ്തുവിനുശേഷം പതിനാലു നൂററാണ്ടുകളോളം യൂറോപ്പ് യുക്തിയുടേയും ബുദ്ധിയുടേയും പ്രകാശമെന്തെന്നറിയാത്ത കൂരിരുട്ടിലാണ് കിടന്നത്. ഇരുണ്ടുനീണ്ട ഈ നൂററാണ്ടുകളിൽ സ്വതന്ത്രചിന്തയുടെ കൈത്തിരിയെ കാത്തുരക്ഷിച്ചത് പൗരസ്ത്യരാണ്. ഇങ്ങനെ ചരിത്രദൃഷ്ട്യാ നോക്കുമ്പോഠം നമുക്കു ശാസ്ത്രത്തിൻെറ മേൽ അവകാശവാദം നടത്താവുന്നതാണെന്നു കാണാം. പക്ഷേ, സയൻസിൻെറ പിൽക്കാലത്തെ ഗതിയെപ്പററി ചിന്തിക്കുമ്പോഠം ഈ അവകാശവാദംകൊണ്ട് അധ്യാത്മികമായ സംതൃപ്തിയും നമ്മുടെ പാരമ്പര്യത്തെപ്പററിയുള്ള ഒരഭിമാനവുമല്ലാതെ പ്രായോഗികമായ യാതൊരു മേന്മയും ലഭിക്കാനില്ലെന്നു പറയേണ്ടിയിരിക്കുന്നു. സയൻസിൻെറ മേന്മയെപ്പററി ഇന്നു നാം പറയുമ്പോഠം അതിൻെറ ചരിത്രമല്ല ഇന്നത്തെ നിലയാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. ഇന്നത്തെ ശാസ്ത്രം കഴിഞ്ഞ മുന്നൂറു വർഷത്തെ പരിശ്രമത്തിൻെറ ഫലമാകുന്നു. ഈ പരിശ്രമം നടത്തുന്നതിനും അതിൻെറ ഫലമനുഭവിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചത് പാശ്ചാത്യർക്കാണ്. വിത്ത് എവിടെ നിന്നു കിട്ടിയാലും അതു കൃഷിചെയ്യുതവനാണ് വിളവെടുക്കുന്നത്. വിളവുണ്ടാക്കിയതിലുള്ള അഭിമാനവും അവൻേറതാകുന്നു. പാശ്ചാത്യശാസ്ത്രം എന്നു പറയുന്നതിൻെറ സാധുത ഇതാണ്. ശാസ്ത്രം എവിടെ നിന്നുണ്ടായി എന്നുള്ളതല്ല പ്രധാനം. എവിടെയാണ് അതിനു പുഷ്ടി ലഭിച്ചതെന്നുള്ളതാണ് പരിഗണിക്കേണ്ടത്. ഇങ്ങനെ നോക്കിയാൽ കഴിഞ്ഞ മുന്നൂറു വർഷങ്ങളായി സയൻസിൻെറ വിളഭൂമി യൂറോപ്പാണെന്നു കാണാം.

ഡോ. കെ. ഭാസ്കരൻ നായർ
(ശാസ്ത്രത്തിൻെറ ഗതി)

## 18.11 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | ഡോ. കെ. ഭാസ്കരൻ നായർ |
| ജനനം | : | ആഗസ്ത് 1913 ഇടയാറന്മുള, ചെങ്ങന്നൂർ |
| മരണം | : | 1982 |
| പ്രവൃത്തി | : | ജന്തുശാസ്ത്ര പ്രൊഫസർ. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ |
| ബിരുദങ്ങഠം | : | എം.എസ്.സി., ഡി.എസ്.സി. |
| കൃതികഠം | : | പരിണാമം, കലയും കാലവും, ആധുനികശാസ്ത്രം, സംസ്കാരലോചനം, ദൈവനീതിക്കു ദാക്ഷിണ്യമില്ല, ശാസ്ത്രഗതി, ധന്യവാദം. |

## 18.12 ആശയസംഗ്രഹം

ശാസ്ത്രവും ശാസ്ത്രീയമായ ജീവിത വീക്ഷണവും പാശ്ചാത്യമാണെന്ന ധാരണ മുഴുവൻ ശരിയല്ല. പാശ്ചാത്യർക്ക് അതിപുരാതനകാലങ്ങളിൽ വഴികാട്ടിയത് പൗരസ്ത്യരാണ്. അറബികളും ഭാരതീയരും പ്രാചീനകാലങ്ങളിൽ ശാസ്ത്രവികാസത്തിലേക്കു കനപ്പെട്ട സംഭാവന നല്കിയിട്ടുണ്ട്. എന്നാൽ ആധുനികശാസ്ത്രത്തിൻെറ ജനയിതാക്കഠം പാശ്ചാത്യരാണ്. കഴിഞ്ഞ മൂന്നു നൂററാണ്ടുകളിലൂടെ ശാസ്ത്രം അഭൂതപൂർവ്വമായ വേഗതയോടെ കുതിച്ചു മുന്നേറി. ഇതിൽ പൗരസ്ത്യർക്ക് വലിയ പങ്കില്ല. ആധുനിക ശാസ്ത്രം പാശ്ചാത്യജനതയുടെ കർമ്മോത്സാഹത്തിനുള്ള സ്മാരകമായി നിലകൊള്ളുന്നു.

### പുരോഗതി സ്വയം പരിശോധിക്കുക—4

**4. ഈ** 1. വിഗ്രഹിച്ച് സമാസം പറയുക:

ചേതോഹരം സ്വതന്ത്രചിന്ത

2. വിഗ്രഹിച്ച് അർത്ഥമെഴുതുക.

നിസ്തർക്കം. ചരിത്രാതീതം. പരമകാഷ്ഠ. ചരിത്രദൃഷ്ട്യാ

3. നാമരൂപമെഴുതുക.

   സാധു. ലഘു. അപഗ്രഥിക്കുക. പ്രാപിക്കുക.

4. വിശേഷണരൂപമെഴുതുക.
   പ്രയോഗം. പ്രതിഭാസം. സംസ്കാരം. ഭാരതം. സ്വാതന്ത്ര്യം. ബുദ്ധി. കൃഷി. ശാസ്ത്രം.

---

## 18.13 വിഷയാവതരണം

---

പ്രശസ്തനായ നാടകകൃത്തും സാഹിത്യചരിത്രകാരനും പണ്ഡിതനുമാണ് പ്രൊഫ. കൃഷ്ണപിള്ള. തെളിഞ്ഞ ചിന്തയും വിശ്ലേഷണാത്മകമായ ശൈലിയും അദ്ദേഹത്തിന്റെ ഗദ്യസാഹിത്യത്തിൽ കാണാൻ കഴിയും. പ്രസാദാത്മകമായ ഒരു ഭാഷ അദ്ദേഹത്തിന് വശമാണ്. ശ്രദ്ധിക്കുക—

### പാഠം-5 നാടകത്തിൽ ഇതരകലകൾ പ്രൊഫ. എൻ. കൃഷ്ണപിള്ള

ഓരോന്നും അതാതിന്റെ സ്ഥാനത്ത് ഏററവും പ്രധാനമെന്നു കരുതുന്നതാവും ശരി. ആ സത്യം വിസ്മരിച്ച് ഒന്നിനുമാത്രം അമിതപ്രാധാന്യം കല്പിച്ചാൽ ഉണ്ടാകുന്നത് മറെറന്തുതന്നെയായാലും നാടകമായിരിക്കുകയില്ല.

പരസ്പരാപേക്ഷകങ്ങളാണ് ഈ മൂന്നു കലകളും. അഭിനയിക്കാൻ യോഗ്യമായ സാഹിത്യമേ പാടുള്ളൂ നാടകത്തിൽ. അതുപോലെ സാഹിത്യയോഗ്യമായ അഭിനയമാണ് നാടകത്തിൽ വേണ്ടത്. സാഹിത്യം അഭിനയോപാധിയിൽകൂടി ആവിഷ്കൃതമാകുമ്പോൾ ആ രണ്ടു കലകളുടേയും സാഫല്യത്തിനുതകുന്ന കലയാണ് ആലേഖ്യം അഥവാ ചിത്രരഞ്ജനം. പ്രകാശിതമാകുന്ന സാഹിത്യത്തിനു. സാഹിത്യത്തെ പ്രകാശിപ്പിക്കുന്ന അഭിനയത്തിനും യോജിച്ചിടത്തോളം മാത്രമേ ചിത്രകലയ്ക്ക് നാടകത്തിൽ സ്ഥാനം ഉള്ളൂ. ഓരോ കലയും അന്യകലാസംബന്ധം കൂടാതെ പ്രയോഗിക്കുമ്പോൾ ആകാവുന്നത്ര സ്വാതന്ത്ര്യം പ്രസ്തുത കലയ്ക്ക് നാടകത്തിൽ പാടില്ലെന്നു ചുരുക്കം. ഓരോ കലയും സ്വയം പാലിക്കുന്ന ഔചിത്യപൂർവ്വകമായ നിയന്ത്രണമാണ് നാടകത്തിന്റെ മഹത്വത്തിനു നിദാനം. ഏതെങ്കിലുമൊരു ഘടകത്തിന്റെ നിലവാരം താഴുകയാണെങ്കിൽ ദൃശ്യകലയെന്ന നിലയിൽ നാടകത്തിനു കോട്ടം തട്ടുന്നു.

ശ്രവ്യസാഹിത്യമെന്ന നിലയിൽ പറയത്തക്ക മേന്മയൊന്നുമില്ലാത്ത പല കൃതികളും രംഗത്ത് പ്രയോഗിക്കപ്പെടുമ്പോൾ അതീവ വിജയിക്കുന്നു എന്നും വായിക്കാൻ വളരെ നല്ല നാടകങ്ങൾ പലതും അരങ്ങത്ത് വിഫലങ്ങളോ പരാജിതങ്ങളോ ആകുന്നു എന്നും നാം ചിലപ്പോൾ പറഞ്ഞു കേൾക്കാറുണ്ടല്ലോ. ഇതെത്രമാത്രം സുചിന്തിതമാണ്! രംഗത്ത് അഭിനയിച്ചു ഫലിപ്പിക്കുന്ന എല്ലാററിനേയും നാം നാടകമെന്നു പറയാറുണ്ടോ? ഓട്ടൻതുള്ളലും കഥകളിയും രംഗത്തവതരിപ്പിച്ചു ഫലിപ്പിക്കാറില്ലേ? അങ്ങനെ എത്രയോ കലാപ്രഭേദങ്ങളുണ്ട് രംഗത്തു വിജയിക്കുന്നതായി! പക്ഷേ അവയെ ഒന്നും നാം നാടകമെന്നു വിളിക്കാറില്ല. നാടകസാഹിത്യത്തിന്റെ ബാഹ്യരൂപം മാത്രം, സംഭാഷണാത്മകമായ രൂപം മാത്രം ഉള്ളതുകൊണ്ട് നാടക സാഹിത്യമെന്നു വിളിച്ചുപോകാറുള്ളതും എന്നാൽ നാടകസാഹിത്യത്തിന്റെ ആന്തരചൈതന്യമില്ലാത്തതുമായ കൃതികൾ രംഗത്തു പരാജയപ്പെടുന്നെങ്കിൽ അതിനെ നാടകസാഹിത്യത്തിന്റെ പരാജയമായി എങ്ങനെ കണക്കാക്കാം? അതല്ലാ അത്തരം കൃതികൾ അരങ്ങത്തു വിജയിക്കുന്നെങ്കിൽ, വിജയിച്ചതു നാടകമല്ല നാടകാഭാസമാണെന്നു പറയുന്നതല്ലേ സത്യം? നാടകേതരമെന്നു നാം നിർവിശങ്കം പറയാറുള്ള കലകളുടെ കൂട്ടത്തിൽ ഈ നാടകാഭാസത്തേയും ഉൾപ്പെടുത്താൻ എന്തിനു മടിക്കണം? സാഹിത്യ മേന്മയില്ലാത്ത നാടകാഭാസങ്ങളുടെ രംഗവിജയത്തെ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം പ്രേക്ഷകനെ സംബന്ധിച്ചിടത്തോളം നൈമിഷികമായ ഒരാകർഷണമേ ഉണ്ടാകുന്നുള്ളൂ എന്നു കാണാം. ഈടുററ, വിലപ്പെട്ട ഒരു നാടകീയാനുഭൂതി അത്തരം നാടകങ്ങളിൽ നിന്നു സിദ്ധിക്കുമെന്നു തോന്നുന്നില്ല. പെട്ടെന്നുള്ള ആകർഷണം എത്ര വലുതായിരുന്നാലും ഒററയിരിപ്പിൽ വായിച്ചു തീർക്കാൻ തോന്നുന്നതും വായിച്ചുകഴിഞ്ഞാൽ തൽക്ഷണം മറന്നു പോകുന്നതും മറന്നതു കഷ്ടമായിപ്പോയെന്നു പിന്നൊരിക്കലും തോന്നാത്തതുമായ പല പുസ്തകങ്ങളും നാം വായിക്കാറില്ലേ? അവയെ മേലേക്കിടസാഹിത്യമായി വിവരമുള്ളവരാരും കരുതുകയില്ലല്ലോ. തത്തുല്യങ്ങളായ അനുഭവങ്ങളാണ് ഈ നാടകാഭാസങ്ങളിൽ നിന്ന് നമുക്കുണ്ടാവുക.

## 18.14

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | പ്രൊ. എൻ. കൃഷ്ണപ്പിള്ള |
| ജനനം | : | 22-9-1916, ഉചമ്മരുതി. വർകല |
| പ്രവൃത്തി | : | മലയാളം പ്രൊഫസർ<br>ഗവൺമെൻറു കോളേജ് പ്രിൻസിപ്പാൾ |
| കൃതികൾ | | **നാടകങ്ങൾ:** കന്യക, അനുരഞ്ജനം, ബലാബലം, ഭഗ്നഭവനം, അഴിമുഖത്തേയ്ക്ക്, കൂടത്തിലെ വിളക്ക് മുതലായവ.<br>**സാഹിത്യ ചരിത്രം:** കൈരളിയുടെ കഥ<br>**വിമർശം:** തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ പ്രതിപാത്രം ഭാഷണഭേദം |
| ബഹുമതികൾ | : | അഴിമുഖത്തേയ്ക്ക് എന്ന നാടകത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ്.<br>ഓടക്കുഴൽ അവാർഡ്<br>'കൈരളിയുടെ കഥ'യ്ക്ക് കേരളസാഹിത്യ അക്കാദമിയുടെ രജതജൂബിലി അവാർഡ്<br>കേന്ദ്രസംഗീതനാടക അക്കാദമി അവാർഡ് നാടക രചനയ്ക്ക്. |

## 18.15 ആശയസംഗ്രഹം

നാടകത്തിൽ അഭിനയം, ആലേഖ്യം, സാഹിത്യം എന്നീ കലകൾ മേളിച്ചിരിക്കുന്നു. ഇവയുടെ പ്രാധാന്യം ഒരേ തോതിലല്ല.

സാഹിത്യം മോശമായാലും നാടകം വിജയിക്കാം എന്നു പറയുന്നത് അജ്ഞത മാത്രമാണ്. എല്ലാ രംഗകലകളും നാടകമല്ല. നൃത്യം, നൃത്തം മുതലായ വിഭാഗത്തിൽ പെടുന്ന ദൃശ്യകലാരൂപങ്ങൾ നാടകമല്ലല്ലോ. അവ രംഗത്തു വിജയിക്കുമ്പോൾ അവയ്ക്കു നാടകമെന്ന് പേരു കൊടുക്കാറില്ല. നാടകത്തിനാസ്പദമായ സാഹിത്യം തികഞ്ഞ പരാജയമായിട്ടും നാടകം രംഗത്ത് ആകർഷകമായിത്തീരുന്നുവെങ്കിൽ അതിന്നർത്ഥം നാടകേതരമായ പ്രസ്തുതദൃശ്യകലകളുടെ അംശങ്ങൾക്ക് അതിൽ പ്രാധാന്യമുണ്ടെന്നാണ്. അവയുടെ വിജയത്തെ നാടകത്തിൻെറ വിജയമായി കണക്കാക്കിക്കൂടാ.

### പുരോഗതി സ്വയം പരിശോധിക്കുക—5

5) 1. താഴെ കൊടുക്കുന്ന കർമ്മണിപ്രയോഗങ്ങൾക്ക് 'പെടുക' എന്ന പ്രത്യയമില്ലാത്ത രൂപം എഴുതുക.

ആവിഷ്ക്കരിക്കപ്പെട്ടത്. പ്രകാശിപ്പിക്കപ്പെട്ടത്. പ്രയോഗിക്കപ്പെട്ടത്. പരാജയപ്പെട്ടത്. ചിന്തിക്കപ്പെട്ടത്. ഫലിപ്പിക്കപ്പെട്ടത്. വിസ്മരിക്കപ്പെട്ടത്. ചെയ്യപ്പെട്ടത്. കാണപ്പെട്ടത്. കേൾക്കപ്പെട്ടത്. ജയിക്കപ്പെട്ടത്. പറയപ്പെട്ടത്. മിശ്രണം ചെയ്യപ്പെട്ടത്

2. സന്ധികാര്യം വിവരിക്കുക.

കൂട്ടിച്ചേർന്നൊന്നായ. കൂടിയാവാം. നാടകേതരം. അഭിനയോപാധി.

## 18.16 വിഷയാവതരണം

സമകാലീന മലയാള സാഹിത്യത്തിലെ ശ്രദ്ധേയനായ നിരൂപകനാണ് എസ്. ഗുപ്തൻ നായർ. പ്രസാദമധുരമായ ഭാഷ അദ്ദേഹത്തിൻെറ സിദ്ധിയാണ്. ലളിതമായി ഏത് വിഷയവും അദ്ദേഹം കൈകാര്യം ചെയ്യുന്നു. അയത്നസുന്ദരമായ ഒരു ശൈലി അദ്ദേഹത്തിൻെറ ഭാഷയിൽ ഉടനീളം കാണാം. ഇവിടെ കൊടുത്തിരിക്കുന്ന ടാഗോറും ഗാന്ധിയും ശ്രദ്ധിക്കുക.

## പാഠം-6 ടാഗോറും ഗാന്ധിയും പ്രൊഫ. എസ്. ഗുപ്തൻനായർ

ഇരുപതാം നൂററാണ്ടിൻെറ രണ്ടു മഹാപുരുഷന്മാരെ ഭാരതത്തിന് സ്വപുത്രരെന്ന് എണ്ണാനിടയായത് അപൂർവ്വമായൊരു സൗഭാഗ്യമാണ്. കടുത്ത പാരതന്ത്ര്യത്തിൻെറയും പരാജയത്തിൻെറയും നടുവിൽ രണ്ട് അത്ഭുതജ്യോതിസ്സുകൾ പൊന്തിവന്നു. ദൂനയും ദരിദ്രയും ആയ ഭാരതത്തെ അധ്യാത്മശക്തിയിൽ സമ്പന്നമാക്കാൻ രണ്ടു ഋഷികല്പന്മാർ പിറന്നു. വ്യാസൻ, വാല്മീകി, ബുദ്ധൻ, ശങ്കരഭഗവൽപാദർ, ശ്രീരാമകൃഷ്ണൻ, വിവേകാനന്ദൻ എന്നിങ്ങനെ നിരവധി തേജഃപുഞ്ജങ്ങളെ സൃഷ്ടിച്ച ദിവ്യഗർഭയായ ഭാരതത്തിൻെറ ശക്തി ഇപ്പോഴും നശിച്ചിട്ടില്ലെന്നതിനു വല്ല തെളിവും വേണമെങ്കിൽ ഗാന്ധിയുടേയും ടാഗൂറിൻെറയും നാമങ്ങൾ നമുക്കെടുത്തു കാട്ടാം. ധാർമ്മിക ശക്തികളെല്ലാം താറുമാറായി കിടക്കുന്ന ഒരാപദ്ഘട്ടത്തിലാണ് ഇവരുടെ ആധ്യാത്മികപ്രഭാവം ലോകത്തിനു വെളിച്ചം നല്കിയത്. യൂറോപ്പിൽ സാമ്രാജ്യത്വത്തിൻെറ രൂപത്തിൽ ആസുര ശക്തികൾ സംഹാരാതാണ്ഡവം ചവിട്ടുമ്പോഴാണ് കിഴക്ക് ഈ വെള്ളിനക്ഷത്രങ്ങൾ ഉദിച്ചു പൊങ്ങിയത്.

ഈ രണ്ടു മഹാത്മാക്കളേയും ഒരുമിച്ചുനിർത്തി അവരുടെ യോഗ്യതാവിശേഷങ്ങളെ താരതമ്യം ചെയ്യുക എന്നത് അതീവ ദുഷ്കരമാണ്. അവരെ വെവ്വേറെ പഠിക്കാൻ തന്നെ പലനാൾ വേണ്ടിവരും. മഹാവിജ്ഞാനികൾക്കുപോലും അധൃഷ്യരായി വർത്തിക്കുന്ന ആ ഋഷികല്പന്മാരെ താരതമ്യാത്മകമായി പഠിക്കുക എന്നുവെച്ചാൽ അഗ്രാഹ്യത്തെ ഗ്രഹിക്കാൻ പണിപ്പെടുക എന്നാണർത്ഥം. എങ്കിലും ആ പഠനം ഉന്മേഷജനകമാണ്. നമ്മുടെ തലമുറയ്ക്ക് അപരിഹാര്യവും.

പരസ്പരസ്നേഹത്തിനും പരസ്പര ബഹുമാനത്തിനും ഒരിമ്മിക്കും കോട്ടം തട്ടിക്കാതെ ഇത്ര പ്രചണ്ഡമായി എതിർക്കുകയും ഇത്ര ഉത്സുകമായി യോജിക്കുകയും ചെയ്ത രണ്ടു വ്യക്തികളെ മററധികം കണ്ടെത്താനിടയില്ല. യോജിക്കുമ്പോഴും വിയോജിക്കുമ്പോഴും പരമമായ മനുഷ്യനന്മയിൽ അവർക്കുള്ള വിശ്വാസം അചഞ്ചലമായിരുന്നുതാനും. ആ നന്മയിലെത്തിച്ചേരാനുള്ള മാർഗ്ഗത്തെ പററിയാണ് അവർ തർക്കിച്ചത്. അവിടെ ഹിംസയുടേയും അഹിംസയുടേയും മാർഗ്ഗത്തിൻേറയും ലക്ഷ്യത്തിൻെറയും പ്രശ്നങ്ങളൊക്കെ ജലപ്പരപ്പിൽ കുമിളുകളെന്നപോലെ പൊങ്ങിവരികയും പൊട്ടി മറയുകയും ചെയ്തു. ഒടുവിൽ ഭാരതത്തിൻെറ വിമുക്തമായ ആത്മാവ് സ്വച്ഛമായി അവശേഷിച്ചു.

ആ ബാഹ്യരൂപങ്ങളിൽത്തന്നെയുണ്ട് ഒട്ടേറെ വൈജാത്യം. ഒരാൾ കഷ്ടിച്ചു മുട്ടോളമെത്തുന്ന പരുക്കൻ മുണ്ടുടുത്ത് വെറും തറയിലിരുന്നു മൂകനായി നൂൽ നൂല്ക്കുന്നു. അപ്രിയമായ സത്യത്തെപ്പോലെ കഠിനവും കർക്കശവുമാണ് ചുററുപാടുകൾ. മറേറ ആൾ പാദം മൂടുന്ന പട്ടുടയാട ചുററി മസൃണശില പാകിയ മണിഹർമ്മ്യത്തിലിരുന്നു കോമള കണ്ഠത്തിൽ പാടുന്നു. ഒരാളിൽ നിന്ന് ഗീതയുടെ വീരപാഞ്ചജന്യം മുഴങ്ങുന്നു. മറേറയാളിൽ നിന്ന് ഉപനിഷത്തിൻെറ പ്രാണസന്തർപ്പണമന്ത്രങ്ങൾ ഉദ്ഗളിക്കുന്നു. രണ്ടും രണ്ടു ലോകം തന്നെ. ഒരു ദിക്കിൽ സൗന്ദര്യം സത്യത്തിൻെറ വീടു പണിയിലേർപ്പെട്ടിരിക്കുന്നു. മറെറാരിടത്ത് സത്യം സൗന്ദര്യദേവതയുടെ ഹിതാനുവർത്തിനിയായി പരിചരിക്കുന്നു.

## 18.17 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | എസ്. ഗുപ്തൻ നായർ |
| ജനനം | : | 23-8-1919. ഓച്ചിറ |
| പ്രവൃത്തി | : | ഗവൺമെൻറ് കോളേജുകളിൽ മലയാളം പ്രൊഫസർ.<br>കേരളഭാഷാ ഇൻസ്ററിററ്യൂട്ടിൽ അസിസ്ററൻറ് ഡയറക്ടർ<br>കോഴിക്കോട് യൂിവേഴ്സിററി മലയാളവിഭാഗം പ്രൊഫസർ |
| പദവികൾ | : | കേരള സാഹിത്യ അക്കാദമി പ്രസിഡൻറ് |
| കൃതികൾ | : | ആധുനികസാഹിത്യം. ക്രാന്തദർശികൾ. ഇസങ്ങൾക്കപ്പുറം. കാവ്യസ്വരൂപം. സമാലോചന. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ. |

തെരഞ്ഞെടുത്ത പ്രബന്ധങ്ങൾക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ഇസങ്ങൾക്കപ്പുറം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.



## 18.18 ആശയസംഗ്രഹം

ഭാരതീയമായ ആധ്യാത്മിക ശക്തിയുടെ രണ്ട് അവതാരങ്ങളാണ് ടാഗൂറും ഗാന്ധിയും. ഒരാൾ സത്യത്തിനും മറേറയാൾ സൗന്ദര്യത്തിനും പ്രാധാന്യഗ കല്പിച്ചതുകൊണ്ട് അവർക്കു സാമ്യങ്ങളേക്കാളേറെ വ്യത്യാസമാണുള്ളതെന്ന് തോന്നും. എന്നാൽ അത് ബാഹ്യമായി വൈജാത്യങ്ങളുളവാക്കുന്നുണ്ടെങ്കിലും വ്യത്യാസം ഉണ്ടാക്കുന്നില്ല. എന്തെന്നാൽ സത്യവും സൗന്ദര്യവും 'ശിവ'ത്തിൽ നന്മയിൽ, മംഗളത്തിൽ, ഒന്നിക്കുന്നു. മനുഷ്യന്റെ പരമമായ നന്മയിലും മഹിമയിലും ആണ് രണ്ടുപേരുടേയും കണ്ണു ചെല്ലുന്നത്. അതായത് ആധ്യാത്മിക മൂല്യത്തിന്റെ ബിന്ദുവിൽ അവരുടെ പാതകൾ യോജിക്കുന്നു.

### പുരോഗതി സ്വയം പരിശോധിക്കുക—6

1. നാമരൂപങ്ങളെഴുതുക.
   ദൂനം. ദരിദ്രം. സംപന്നം. ആസുരം. ദുഷ്കരം. ഗ്രാഹ്യം. പരിഹാര്യം. ഉത്സുകം. വിമുക്തം. കഠിനം.
2. വിപരീതമെഴുതുക.
   അഗ്രാഹ്യം. അപരിഹാര്യം. ദുഷ്കരം. മൂകം.

## 18.19 വിഷയാവതരണം

ശ്രീ. എൻ.വി. കൃഷ്ണവാര്യർ ഗദ്യവും പദ്യവും ഒരുപോലെ കൈകാര്യം ചെയ്യുന്ന ഒരു സാഹിത്യോപാസകനാണ്. ബഹുഭാഷാപണ്ഡിതനും കുശാഗ്രബുദ്ധിയുമായ അദ്ദേഹത്തിന്റെ ഗദ്യത്തിന് പാണ്ഡിത്യച്ചുവയശേഷമില്ല. പക്ഷെ ആ ഭാഷ ശക്തമാണ്; ഗംഭീരമാണ്. 'ഗംഗയുടെ ആരോഗ്യം' എന്ന ഗദ്യഭാഗം ശ്രദ്ധിക്കുക:

### പാഠം–7 ഗംഗയുടെ ആരോഗ്യം എൻ.വി. കൃഷ്ണവാര്യർ

വിന്ധ്യപർവതം മുതൽ ഹിമാലയപർവതം വരെയുള്ള വിശാലമായ ആര്യാവർത്തസമതലം മുഴുവൻ ഗംഗാനദിയുടെ സംഭാവനയാണ്. ഗംഗയും ഗംഗയുടെ പരശ്ശതം പോഷകനദികളുമാണ് ഈ ഭൂപ്രദേശത്ത് ജീവിതം സാധ്യമാക്കിയിട്ടുള്ളത്. രണ്ടായിരത്തഞ്ഞൂററി ഇരുപത്തഞ്ചു കിലോമീററർ നീളമുള്ള ഗംഗ പകുതിയിലേറെ ദൂരം ഉത്തരപ്രദേശിലും തുടർന്ന് ബീഹാറിലും ബങ്കാളിലും ഒഴുകുന്നു. ഏഴു സ്റേററുകളിലെ ഒമ്പതുലക്ഷം ചതുരശ്ര കിലോമീററർ സ്ഥലത്തിന് ഗംഗാജലം ഫലപുഷ്ടി നല്കുന്നു. ഗംഗയെ മാതാവായി, ഈശ്വരിയായി പതിതപാവനയായി ഇന്ത്യാക്കാർ ആരാധിച്ചുവന്നുവെങ്കിൽ അതിൽ അത്ഭുതമില്ല.

ആ ഗംഗാനദി മരിച്ചുകൊണ്ടിരിക്കുകയാണ്. ഹിമാലയാധിത്യകകൾ വിട്ട് ഗംഗാ സമതലത്തിലേക്കിറങ്ങുന്ന ഹരിദ്വാരം മുതൽ ബംഗാൾ ഉൾക്കടലിലെ 'സംഗമം' വരെ നഗരങ്ങളിലേയും വ്യവസായശാലകളിലേയും മാലിന്യങ്ങൾ മുഴുവൻ ഗംഗയിലാണ് നിക്ഷേപിക്കപ്പെടുന്നത്. ലോകത്തിലെ മിക്ക നദികളിലും ഇന്ന് വ്യാവസായിക മാലിന്യങ്ങൾ കലർന്നിട്ടുണ്ട്. എന്നാൽ ഗംഗാജലം പോലെ അത്രയധികം മലിനമാക്കപ്പെടുന്നില്ല, മറെറാരു നദിയിലെ ജലവും. ഗംഗാനദിയിൽ ചീഞ്ഞളിഞ്ഞു കലങ്ങുന്നത്ര മനുഷ്യമൃഗശവങ്ങൾ മറെറാരു നദിയിലും കലങ്ങുന്നില്ല. മനുഷ്യരുടെ മലമൂത്രങ്ങൾ ഏററവുമധികം നിക്ഷേപിക്കപ്പെടുന്ന നദിയും ഗംഗതന്നെ. ഈ മാലിന്യംമൂലം ഗംഗയിലെ അനന്തമായിരുന്ന സത്സ്യസമ്പത്ത് ക്ഷയോന്മുഖമായിരിക്കുന്നു. ഗംഗയുടെ സവിശേഷതയായിരുന്ന പലതരം നക്രവർഗങ്ങൾ കുററിയററുപോയിരിക്കുന്നു.

ഗംഗാനദി മരിക്കുകയെന്നതിന്നർത്ഥം ഇന്ത്യ മരിക്കുകയെന്നാണ്. അതിനാൽ ഗംഗയിലെ മാലിന്യമെന്ന പ്രശ്നം ഭാരതീയ ജനതയുടെ ആകെ പ്രശ്നമാകുന്നു. ഗംഗാതീരത്തു നിവസിക്കുന്ന ജനകോടികളുടെ സഹകരണമില്ലാതെ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുക സാദ്ധ്യമല്ല. കാരണം അവരാണല്ലോ ഗംഗയെ അറിഞ്ഞും അറിയാതെയും മലിനപ്പെടുത്തുന്നത് ഈ ജനകോടികളാകട്ടെ ഏറിയകൂറും നിരക്ഷരുമാണ്.

പതിതപാവനിയായ ഗംഗയ്ക്ക് ഏതു പാപാത്മാവിനെയും സ്വർഗ്ഗത്തിലെത്തിക്കുന്നതിനെന്നപോലെ ഏതു മാലിന്യത്തേയും ശുദ്ധീകരിക്കാനും കഴിവുണ്ടെന്ന വിശ്വാസം അവർക്കു സഹസ്രാബ്ദങ്ങളുടെ പൈതൃകമായി ലഭിച്ചിട്ടുമുണ്ട്. ഈ വിശ്വാസം തകർക്കുകയും മാലിന്യങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിൽനിന്ന് അവരെ തുടയുകയും ചെയ്യുകയെന്നത് ഒരു ഭഗീരഥ പ്രയത്നം തന്നെയാണ്. ഗംഗയെ ആദ്യമായി ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടു വരുന്നതിന് ഭഗീരഥൻ ചെയ്ത അത്രയോ അതിലേറെയോ യത്നം ഗംഗയിലെ മാലിന്യം അകററുന്നതിന് ഇന്ത്യയിലെ ബഹുജനങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

കേന്ദ്ര ഗവൺമെൻറിൻെറ പ്ളാനിങ്ങ് കമ്മീഷൻ ഈ പ്രശ്നത്തിൻെറ പ്രാധാന്യം മനസ്സിലാക്കുകയും അതിൻെറ പരിഹാരത്തിലേക്കു നയിച്ചേക്കാവുന്ന ചില നടപടികൾ കൈകൊള്ളുകയും ചെയ്തിട്ടുണ്ട്.

ഗംഗാതീരത്ത് പതിനാലു സർവകലാശാലകളും ആറ് ഉന്നത ഗവേഷണ സ്ഥാപനങ്ങളുമുണ്ട്. പ്ളാനിങ്ങ് കമ്മീഷൻെറ പ്രേരണയനുസരിച്ച് ഇവയിലെ വൈസ്ചാൻസലർമാരും ഡയറക്ടർമാരും ഈയിടെ സമ്മേളിക്കുകയും ഗംഗയിലേയും പോഷകനദികളിലേും മാലിന്യപ്രശ്നം പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന് ഉദ്ഗ്രഥിതമായ ഒരു ഗവേഷണപദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു.

ഇനി മുതൽ ആണ്ടുതോറും 'ഗംഗയുടെ ആരോഗ്യം' സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ പ്രശ്നത്തിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ഈ റിപ്പോർട്ടുകൾ ഉതകും.

## 18.20 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | ശ്രീ. എൻ.വി. കൃഷ്ണവാരിയർ |
| ജനനം | : | 13-5-1916. ഞെരുവിശ്ശേരി, തൃശ്ശൂർ ജില്ല. |
| പ്രവൃത്തി | : | അധ്യാപകൻ, പത്രാധിപർ (മാതൃഭൂമി, കുങ്കുമം—മുതലായവയുടെ പത്രാധിപത്യം) |
| | | കേരള ഭാഷാ ഇൻസ്ററിററ്യൂട്ട് ഡയറക്ടർ |
| ബിരുദം | : | എം.എ. എം.ലിററ് |
| | | കോഴിക്കോട് യൂണിവേഴ്സിററിയുടെ ഡി.ലിററ് (ഓണററി ബിരുദം) |
| കൃതികൾ | | |
| കവിത | : | ചാട്ടവാർ, നീണ്ട കവിതകൾ, കുറേക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോദ്സെയും, കള്ളദൈവങ്ങൾ, കാളിദാസൻെറ സിംഹാസനം. |
| ഗദ്യം | : | കലോത്സവം, പരിപ്രേക്ഷ്യം, സമാകലനം, ഉണരുന്ന ഉത്തരേന്ത്യ, ആദരാഞ്ജലികൾ, വെല്ലുവിളികൾ, പ്രതികരണങ്ങൾ, സമസ്യകൾ, സമീപനങ്ങൾ, പ്രശ്നങ്ങൾ, പഠനങ്ങൾ, അന്വേഷണങ്ങൾ, കണ്ടെത്തലുകൾ. |

## 18.21 ആശയസംഗ്രഹം

ഗംഗാനദി പതിതപാവനിയെന്നറിയപ്പെടുന്നു. മഞ്ഞുരുകിയൊഴുകിയെത്തുന്ന നിർമ്മലജലപ്രവാഹമാകയാൽ ഗംഗയിലേയ്ക്കു തള്ളുന്ന മാലിന്യങ്ങൾ മൂലം കലുഷമാകാതെ സ്വയം കാത്തുപോന്നതു കൊണ്ട് 'പാവന' മെന്ന വിശേഷണം ലൗകികാർത്ഥത്തിലും ആ നദിക്കു ചേരുന്നതായിത്തീർന്നു. എന്നാൽ വർദ്ധിച്ചുവരുന്ന മാലിന്യങ്ങളുടെ കൂമ്പാരം ഗംഗയുടെ സ്വച്ഛതയെ നശിപ്പിച്ചിരിക്കുന്നു. ഇന്ന് ആ നദിയ്ക്ക് പതിതപാവനിയെന്ന വിശേഷണം ചേരുകയില്ല. ഗംഗയുടെ പഴയ ആരോഗ്യം വീണ്ടെടുക്കേണ്ടത് ഭാരതജനതയുടെ ഒട്ടാകെ ആവശ്യമാണ്.

## പുരോഗതി സ്വയം പരിശോധിക്കുക—7

7) 1. ഗംഗയുടെ സംഭാവന

2. ഗംഗയുടെ ദൂരം

3. അതിൽ അത്ഭുതമില്ല. ഏതിൽ?

4. ഗംഗയുടെ സവിശേഷതയായിരുന്ന ജന്തുക്കൾ

5. ഗംഗാനദി മരിക്കുകയെന്നാൽ എന്താണർഥം?

# 18.22 വിഷയാവതരണം

വാഗ്മിയും പണ്ഡിതനും ചിന്തകനും ആയ സുകുമാർ അഴീക്കോട് ഭാഷാശൈലികൊണ്ട് ആരെയും വശീകരിക്കുന്ന നിരൂപകനാണ്. കൃതിയുടെ ഉള്ളിലേയ്ക്ക് കടക്കാനും മർമ്മം ഗ്രഹിക്കാനും കഴിയുന്ന അദ്ദേഹത്തിന് അന്യാദൃശമായ വൈഭവത്തോടെ താൻ ഗ്രഹിച്ച കാര്യങ്ങൾ അവതരിപ്പിക്കാനും കഴിയും. നിരൂപണവും ഒരു സർഗ്ഗാത്മകസൃഷ്ടിതന്നെ എന്ന അനുഭവം അദ്ദേഹത്തിൻെറ കൃതികൾ വായിക്കുമ്പോൾ ഉണ്ടാകും. ചിന്തയുടെ സ്ഫുലിംഗവും, വാഗ്മിതയുടെ ദീപ്തിയും, പാണ്ഡിത്യത്തിൻെറ കാമ്പുമുള്ള അദ്ദേഹത്തിൻെറ ഭാഷാശൈലി പരിചയപ്പെടുത്താൻ 'തത്വമസി'യിൽനിന്നും ഒരു ഭാഗം ചേർത്തിരിക്കുന്നു.

## പാഠം–8 ഉപനിഷത്തിൻെറ മുമ്പിൽ

പ്രൊഫ. സുകുമാർ അഴീക്കോട്

ദേശത്തേയും കാലത്തേയും അതിലംഘിക്കുന്ന മഹിമാതിരേകത്തോടുകൂടിയ ഉപനിഷത്ത് ഇന്ത്യയുടേതെന്നപോലെ ലോകത്തിൻെറയും പഴയകാലത്തിൻെറതെന്നപോലെ പുത്തൻകാലത്തിൻെറയും ആണ്. എങ്കിലും ഉപനിഷത്ത് എന്ന ചിന്താസമ്പത്ത് മറേറതു നാട്ടിൻേറതിനേക്കാളും ഇന്ത്യയുടേതു മാത്രമാണ്. ഇപ്പറഞ്ഞതൊരു വിരോധാഭാസവചനമാണ്. ഉപനിഷത്തിനെപ്പററി എഴുതുമ്പോൾ വിരോധാഭാസത്തിൻെറ ശൈലി ഒഴിവാക്കാൻ ആവില്ല. അന്തിയിൽ അന്തരീക്ഷം മുഴുവൻ സൗരഭ്യം നിറയ്ക്കുന്ന പൂവിനെ കെട്ടിപ്പിടിച്ചുകൊണ്ട് അതു തൻേറതാണെന്ന് അധീരമായി മൂകാഭിമാനം കൊള്ളുന്ന പൂഞെട്ടിനെപ്പോലെ, ഉപനിഷത്ത് തൻേറതാണെന്ന് ഇന്ത്യ അവകാശപ്പെട്ടു. ഒരേസമയത്ത് ഉപനിഷത്ത് ഇന്ത്യയെ വേർതിരിച്ചു നിർത്തുകയും ലോകചിന്തയോട് ഇണക്കിക്കൂട്ടുകയും ചെയ്യുന്നു. മറു നാടുകളിൽനിന്നും വിട്ടുമാറി വേർതിരിഞ്ഞുള്ള കിടപ്പ് ഇന്ത്യയുടെ ആത്മീയ ദർശനത്തിൻെറ തനതായ വ്യക്തിത്വത്തിനു കാരണമായിട്ടുണ്ടെന്ന് പല പാശ്ചാത്യ ചിന്തകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഉപനിഷത്തിൻെറ സാമ്രാജ്യം എന്നിവിടെ പറഞ്ഞത് സൂക്ഷ്മമായ വിചിന്തനത്തിൽ ഇന്ത്യയെക്കുറിച്ചല്ല. ഇന്ത്യയുടെ വെളിയിൽ പലേടത്തും അതു പരന്നു കിടക്കുന്നു; ഇന്ത്യയിൽ എല്ലായിടത്തും അതു വ്യാപിച്ചിരിക്കുന്നുമില്ല. അതു വ്യാപിച്ചിരിക്കുന്നത് സത്യമായി വെളിയിലല്ല, ഉള്ളിലാണ്. ഉള്ളിലെ നിരുപമായ വെളിച്ചത്തിന് അത് പ്രതിനിധിയായിരിക്കുന്നു. ആ വെളിച്ചം ഒരു കാലഘട്ടത്തിൽ മറേറതു നാട്ടിലുമെന്നതിലേറെ ഇന്ത്യയിൽ നിന്നു കത്തിയുയർന്നതിനാൽ മാത്രമാണ്. ഇന്ത്യയുടേതാണ് ഉപനിഷത്ത് എന്ന അവകാശത്തിനു പ്രാബല്യം സിദ്ധിക്കുന്നത്. പക്ഷേ ഇന്ത്യയിൽ ഈ പ്രകാശം ഒരിക്കലും കെട്ടടങ്ങിയിട്ടില്ല. മാത്രമല്ല അവസരംവരുമ്പോൾ അതു വീണ്ടും കത്തിജ്ജ്വലിക്കുകയും ചെയ്യാറുണ്ട്. നിശ്ചേതനമായ അണുവിന്നുള്ളിൽ നിത്യചലനാത്മകമായി വെട്ടിത്തിളങ്ങുന്ന അണുശക്തിപോലെ എത്ര നിശ്ചേഷ്ടമായിക്കിടന്നാലും ഇന്ത്യയുടെ ഉള്ളിൻെറ ഉള്ളിൽ നിന്ന് അതു നിഷ്കാസനം ചെയ്യപ്പെടുന്നില്ല. ഇടയ്ക്കിടയ്ക്ക് അതിൻെറ സ്ഫോടനങ്ങൾ ഇവിടെ ഉണ്ടായിട്ടുമുണ്ട്. അവയെ ചരിത്രകാരന്മാർ ഇന്ത്യയുടെ പുനരുത്ഥാനദശകൾ എന്നു വിളിച്ചു വരുന്നു. ബുദ്ധൻ തൊട്ടു ഗാന്ധിജി വരെ വിശ്വതോമുഖങ്ങളും ഭേദാതീതങ്ങളുമായ മഹാദർശങ്ങൾ ആവശ്യമായി വന്നപ്പോഴെല്ലാം ആ പ്രകാശം ഇവിടെ വീണ്ടും പൊട്ടി വിരിഞ്ഞു. സാഹിത്യത്തിലും കലകളിലും രാഷ്ട്രീയത്തിലും ഇവിടെയുണ്ടായ നേട്ടങ്ങളുടെ കൊടുമുടികളിന്മേൽ സൂക്ഷിച്ചുനോക്കിയാൽ ഉപനിഷത്തിൻെറ ഹിമാലയത്തിൽ നിന്ന് ഒഴുകിച്ചെല്ലുന്ന തുഹിനാമൃതം ഒളിചിതറിയിട്ടുണ്ടെന്നു കാണാൻ കഴിയും.

## 18.23 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | പ്രൊഫസർ സുകുമാർൻ അഴീക്കോട് |
| ജനനം | : | 24-2-1926. അഴീക്കോട്, കണ്ണൂർ |
| പ്രവൃത്തി | : | കോളേജ് അദ്ധ്യാപകൻ<br>ട്രെയ്നിങ്ങ് കോളേജ് പ്രിൻസിപ്പൽ<br>സർവ്വകലാശാലാ മലയാളം പ്രൊഫസൻ<br>(കോഴിക്കോട്)<br>സർവ്വകലാശാലാ പ്രൊ. വൈസ്ചാൻസലർ<br>(കോഴിക്കോട്) |
| ബിരുദങ്ങൾ | : | ബി.കോം. ബി.ടി. എം.എ. പി.എച്ച്.ഡി. |
| കൃതികൾ | : | രമണനും മലയാളകവിതയും<br>പുരോഗമനസാഹിത്യം<br>ആശാൻെറ സീതാകാവ്യം, ശങ്കരക്കുറുപ്പു<br>വിമർശിക്കപ്പെടുന്നു. മലയാളസാഹിത്യവിമർശനം,<br>തത്ത്വമസി, ലേഖനങ്ങളുടെ സമാഹാരം. |
| ബഹുമതികൾ | : | 'തത്ത്വമസി'ക്ക് കേന്ദ്രസാഹിത്യഅക്കാദമി<br>അവാർഡ്,കേരള സാഹിത്യ അക്കാദമി അവാർഡ്,<br>എബ്രഹാം വടക്കേൽ അവാർഡ്, വിശ്വദീപം<br>അവാർഡ്, സുവർണ്ണകൈരളി അവാർഡ്,<br>അബുദാബി മലയാളി സമാജം അവാർഡ്,<br>മലയാള സാഹിത്യവിമർശനത്തിന് കേരള സാഹിത്യ<br>അക്കാദമി അവാർഡ് |

## 18.24 ആശയസംഗ്രഹം

ഉപനിഷത്തുക്കൾ രചിക്കപ്പെട്ടത് ഇന്ത്യയിലാണെന്നതുകൊണ്ട് അവയെ ഇന്ത്യയുടെ സമ്പത്തുകളായി കരുതാം. എന്നാൽ ലോകത്തിലുണ്ടായിട്ടുള്ള ഉന്നതചിന്തകളുടെ സാരസംഗ്രഹമാണവ എന്നതിനാൽ,
മുതൽകൂട്ടുമാണ്. മനുഷ്യസഞ്ചയത്തിനൊട്ടാകെ അവകാശപ്പെട്ട

അവയുടെ പ്രകാശം, ഭാരതീയ ജനത എപ്പോഴൊക്കെ ഇരുട്ടിലേയ്ക്കു വഴുതി വീഴാൻ തുടങ്ങുന്നുവോ അപ്പോഴൊക്കെ നേർവഴി കാട്ടിത്തരാൻ ഉതകിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രവർത്തന മണ്ഡലങ്ങളിലും അവയുടെ സംസ്കാരം ഒളിചിതറിയിട്ടുണ്ട്.

### പുരോഗതി സ്വയം പരിശോധിക്കുക—8

1. ഒററ വാക്ക് എഴുതുക.

   ദേശത്തേയും കാലത്തേയും അതിലംഘിക്കുന്ന
   എല്ലായിടത്തും വ്യാപിച്ചിരിക്കുന്നത്
   നിഷ്കാസനം ചെയ്യപ്പെട്ട

## 18.25 പുരോഗതി സ്വയം പരിശോമിക്കുക— ഉത്തരം

1) 1. ഭാരതീയം
   2. ബൗദ്ധം
   3. ബൗദ്ധികം
   4. അവിഭാജ്യം
   5. ക്ഷണികം

2) 1. ആസ്തികമെന്നും, നാസ്തികമെന്നും

2. നാസ്തികമെന്ന വകുപ്പിൽ

3. അവിഭാജ്യവും മിഥ്യയും ആണ്

4. അന്തഃകരണബോധം

5. മാററത്തിൻെറ ഫിലോസഫി

6. ക്ഷണികങ്ങളായ സ്ഥിതിഗതികളുടെ അഭിവ്യക്തി

3) 1. ചിത്രത്തിൻെറ ഭാഷ സ്ഥലത്തിൽ നില കൊള്ളുന്ന രേഖകളും വർണ്ണങ്ങളുമാണ്. കാവ്യത്തിൻെറ ഭാഷയാകട്ടെ കാലത്തിൽ നിലകൊള്ളുന്ന അർത്ഥവത്തായ ശബ്ദസമൂഹമാണ്

2. ചലനം

3. മിനർവയെ

4) 1. നിബന്ധിച്ചത് (കാവ്യനിബന്ധം) നിബന്ധിക്കപ്പെട്ടത് ശബ്ദനിബന്ധമാണ് കാവ്യം.

2. കാണപ്പെടുന്നത് (ദൃശ്യകാവ്യം) കാഴ്ച അഥവാ കാഴ്ചപ്പാട്- വനദൃശ്യഗ- ഷഡ്ദർശനങ്ങാം

3. പ്രതിപാദിക്കപ്പെടുന്നത് (ഉള്ളടക്കം) പ്രതിപാദിക്കൽ (പ്രതിപാദനശൈലി)

4. വൃത്തത്തിലുള്ള ക്ഷേത്രവിശേഷം മണ്ഡലാകൃതി, (സാഹിത്യമണ്ഡലം) അലങ്കാരം, (മണ്ഡനം ചെയ്യുക, കൃതിയുടെ ഖണ്ഡനമാണ്, മണ്ഡനമല്ല)

3) ഇ) 1. 'എതിരാളിയുടെ കുറവുകൊണ്ടല്ല സ്വമികവുകൊണ്ടാണ് ജയിക്കേണ്ടത്' എന്നതാണ് പൊരുൾ.

2. പാണ്ഡവർ

3. മുറതെററിച്ച്

4) ഈ) 1. ചേതസ്സിനെ ഹരിക്കുന്നത് — തൽപുരുഷ സമാസം
സ്വതന്ത്രമായ ചിന്ത — കർമ്മധാരയൻ

2. തർക്കമില്ലാത്തത്
ചരിത്രകാലത്തിനപ്പുറമുള്ളത്
അങ്ങേയററം
ചരിത്രത്തിൻെറ കാഴ്ചപ്പാടിലൂടെ

3) 1. സാധുത
ലാഘവം, ലഘുത
അപഗ്രഥനം
പ്രാപ്തി—പ്രാപിക്കൽ

4. പ്രായോഗികം
പ്രാതിഭാസികം
ഭാരതീയം
സ്വതന്ത്രം
ബുദ്ധിപരം
കാർഷികം
ശാസ്ത്രീയം

5) 1. ആവിഷ്കൃതം
പ്രകാശിതം
പ്രയുക്തം
പരാജിതം
ചിന്തിതം
ഫലീകൃതം
വിസ്തൃതം
കൃതം
ദൃഷ്ടം
ശ്രുതം
ജിതം

ഉക്തം
മിശ്രിതം

2. കൂട്ടിച്ചേർന്ന് + ഒന്നൊന്ന ലോപസന്ധി
കൂടി + ആവാം ആഗമസന്ധി
യകാരം ആഗമം
നാടക + ഒന്നൊന്ന് + ലോപസന്ധി
അകാരത്തിന് ശേഷം ഇകാരം വന്നപ്പോൾ രണ്ടും ചേർന്ന് ഏകാരമായി മാറി മാറി.

അഭിനയ + ഉപാധി ഗുണസന്ധി
അകാരത്തിന്ശേഷം ഉ വന്നപ്പോൾ രണ്ടും ചേർന്ന് ഓകാരമായി മാറി

6) 1. ദൈന്യം
ദാരിദ്ര്യം
സമ്പത്ത്
അസുരൻ
ദുഷ്കൃതം
ഗൃഹീതം
പരിഹാരം
ഔത്സുക്യം
വിമുക്തി
കാഠിന്യം

2. ഗ്രാഹ്യം
പരിഹാര്യം
സുകരം
വാചാലം

7) 1. വിശാലമായ ആര്യാവർത്തസമതലം

2. രണ്ടായിരത്തഞ്ഞൂററി ഇരുപത്തഞ്ച് കിലോമീററർ

3. ഗംഗയെ ഈശ്വരിയായി, മാതാവായി, പതിതപാവനിയായി ഇന്ത്യക്കാർ ആരാധിക്കുന്നതിൽ

4. നക്രവർഗ്ഗങ്ങൾ

5. ഇന്ത്യ മരിക്കുകയെന്നാണ്

8) 1. ദേശകാലാതീതം

2. സർവ്വവ്യാപി

3. നിഷ്കാസിതം